# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3889 — 25.06.2013 ൽ മറുപടിക്ക്

## ഐ.സി. ഫോർ ഫോസിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിനു കീഴി ലുള്ള ഐ.സി.ഫോർ ഫോസിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; | (എ) | വിവിധ അന്താരാഷ്ട്ര സ്വതന്ത്ര സോഫ്റ്റ് വെയർ സ്ഥാപനങ്ങളുമായി യോജിച്ചുകൊണ്ട് സ്വതന്ത്ര സോഫ്റ്റ് വെയറിന്റെ പ്രചരണവും വ്യാപനവും നടത്തുക എന്നതാണ് ഐ.സി.ഫോസിന്റെ പ്രധാന ലക്ഷ്യം. ഇതിനായി - കൺസൾട്ടൻസി, ട്രെയിനിംഗ്, ഗവേഷണം, അന്താരാഷ്ട്ര ബന്ധം എന്നീ മേഖലകളിൽ സെമിനാറുകളും വർക്കുഷോപ്പുകളും നടത്തി വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത സ്ഥാപനം വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയറുകൾ ഏതെല്ലാം; | (ബി) & (സി) | പാരിസ്ഥിതിക വ്യതിയാനങ്ങൾ മനസ്സിലാക്കി കൃഷി മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന മൊബൈൽ ഫോൺ അടിസ്ഥാനത്തിലുള്ള ഒരു സോഫ്റ്റ്‌വെയർ ഐ.സി.ഫോസ് രൂപീകരിച്ച് കേരള കാർഷിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട് നടപ്പാക്കിവരുന്നു. |
| (സി) | പ്രസ്തുത സോഫ്റ്റ് വെയർ ഏതെല്ലാം സ്ഥാപനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്; | | വിവിധ പ്രദേശങ്ങളിലുള്ള ഉപയോക്താക്കൾക്ക് ഭൗതിക സൗകര്യങ്ങളെ സംബന്ധിച്ച പ്രാദേശിക അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിക്കുകയും അതോടൊപ്പം തന്നെ അവയുടെ സ്ഥാനവും അതിനെ സംബന്ധിക്കുന്ന മറ്റു വിവരങ്ങളും ഒരു കേന്ദ്ര നിക്ഷേപത്തിലാക്കുകയും, ആവശ്യമുള്ളപ്പോൾ വിവിധതരം സർച്ചുകളിലൂടെ വിവരങ്ങളെ വെബ് വഴി തിരിച്ചെടുക്കാനും സാധിക്കുന്ന തരത്തിൽ സ്മാർട്ട് ഫോൺ അടിസ്ഥാനമാക്കിയുള്ള "ഫീൽഡ് ലവൽ അസറ്റ് മാപ്പിങ്ങ് |

| | | | |
|---|---|---|---|
| | | | ടൂൾ" എന്ന ഒരു സോഫ്റ്റ് വെയർ ഐ.സി.ഫോസ് നിർമ്മിച്ച് കേരള ലാന്റ് യൂസ് ബോർഡുമായി സഹകരിച്ചു നടപ്പാക്കിവരുന്നു.<br><br>കാർഷികാവശ്യങ്ങൾക്കായി മഴ, മണ്ണിലെ അമ്ലാംശം, താപനില, ഹുമിഡിറ്റി എന്നിവയുടെ വിവരങ്ങൾ, മൊബൈൽ നെറ്റ് വർക്കിലൂടെ കർഷകർക്ക് നൽകുന്നതിനായി കൃഷി വകുപ്പിലെ സാങ്കേതിക വിദഗ്ദ്ധർക്ക് ലഭ്യമാകത്തക്ക രീതിയിൽ സാങ്കേതിക വിദ്യ ലഭിക്കുന്നതിനുള്ള ഒരു സോഫ്റ്റ്‌വെയർ ഐ.സി.ഫോസ് കേരള കാർഷിക സർവ്വകലാശാലയുമായി ചേർന്ന് നിർമ്മിച്ചിട്ടുണ്ട്. അതിന്റെ ഫീൽഡ് ടെസ്റ്റ് വിവിധ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പാക്കിവരുന്നു.<br><br>കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കി വരുന്ന അഡീഷണൽ സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാമിനു വേണ്ടി പൈലറ്റ് സ്റ്റഡി നടത്തുന്നതിനും അതിന്റെ ഫീഡ്ബാക്ക് ക്രോഡീകരിക്കാനുമുള്ള വെബ് അടിസ്ഥാന മാക്കിയ ഒരു സോഫ്റ്റ്‌വെയർ ഐ.സി. ഫോസ് നിർമ്മിച്ചു നൽകിയിട്ടുണ്ട്. |
| (ഡി) | ഈ സ്ഥാപന ത്തിൽ എത്ര ജീവനക്കാർ സേവനമനുഷ്ഠ ിക്കുന്നുണ്ട്.; | (ഡി)<br>& | 14 പേർ ഇവിടെ കരാറടിസ്ഥാനത്തിൽ സേവനമനുഷ്മിക്കുന്നു. ഇവരെ സ്ഥിര പ്പെടുത്തുന്നകാര്യം ഇപ്പോൾ പരി ഗണനയിലില്ല. |
| (ഇ) | താൽക്കാലികമായി ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ? | (ഇ) | |

സെക്ഷൻ ഓഫീസർ.